**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1044** **30-06-2022 - ൽ മറുപടിയ്ക്ക്**

**തൃക്കാക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കാക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗുകളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത യോഗതീരുമാനങ്ങളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | തൃക്കാക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.07.2021-ൽ ഓൺലൈനായി ചേർന്ന അവലോകന യോഗത്തിന്റെ മിനുട്സിന്റെ പകർപ്പും സ്വീകരിച്ച തുടർനടപടികളുടെ റിപ്പോർട്ടും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട് . ആലുവയിൽ ജല ശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി 130 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ഈ ജല ശുദ്ധീകരണ ശാലയിൽ നിന്നും തൃക്കാക്കരക്കു 42 MLD ജലം വിഭാവനം ചെയ്തിരുന്നു. ഈ അധിക ജലം എത്തിത്തുടങ്ങുമ്പോൾ വിതരണത്തിനു വേണ്ടി കൊച്ചി യൂണിവേഴ്സിറ്റി കോമ്പോണ്ടിൽ വാട്ടർ അതോറിറ്റിയുടെ സ്ഥലത്തു ഒരു പുതിയ ഭൂഗർഭ ടാങ്കിനും അവിടെ നിന്നുള്ള വിതരണ ലൈനിനും തൃക്കാക്കര ഒലിമുകൾ ഉപരിതല ടാങ്കിനും, അവിടെ നിന്ന് വിതരണക്കുഴലുമായി ബന്ധിപ്പിക്കാനുള്ള കുഴലുകളും സ്ഥാപിക്കാനുമായി 46 കോടി രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ 143 MLD ജലശുദ്ധീകരണശാല പുതുക്കി പകരം 190 MLD ജലശുദ്ധീകരണശാലയാക്കി മാറ്റുവാൻ 285 കോടി രൂപയുടെ ഒരു പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട് . ഇതിൽ ഇൻടേക്ക് വെൽ , 190 MLD ജലശുദ്ധീകരണ ശാല, പ്രധാന ജലവാഹിനിക്കുഴലുകൾ, ജലസംഭരണികൾ, ഇലക്ട്രോമെക്കാനിക്കൽ ഘടകങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഈ രൂപരേഖ പ്രകാരം തൃക്കാക്കരക്ക് 55.86 MLD ജലം നല്കുവാൻ സാധിയ്ക്കും.<br><br>അമൃത് -2 പദ്ധതിയിൽ ലഭ്യമായ തുകയ്ക്ക് കൊച്ചി യുണിവേഴ്സിറ്റിയിലുള്ള വാട്ടർ അതോറിറ്റി സ്ഥലത്തു തൃക്കാക്കരക്കു വേണ്ടി ഭൂഗർഭ ടാങ്ക് |

| | | | |
|---|---|---|---|
| | | | പണിയുന്നതിനുള്ള 3.05 കോടി രൂപയുടെ ഒരു രൂപരേഖ സമർപ്പിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ബഹു.ജലവിഭവ വകുപ്പ് മന്ത്രി ശ്രീ.റോഷി അഗസ്റ്റിൻ അവർകളുടെ അദ്ധ്യക്ഷതയിലും ബഹു.തൃക്കാക്കര നിയോജകമണ്ഡലം എം.എൽ.എ ശ്രീ. പി.ടി.തോമസ് അവർകളുടെ സാന്നിദ്ധ്യത്തിലും തൃക്കാക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം ചർച്ച ചെയ്യുന്നതിനായി 05/07/2021, രാവിലെ 11.00 മണിക്ക് ഗൂഗിൾ മീറ്റ് വഴി നടത്തിയ അവലോകന യോഗത്തിന്റെ നടപടി കുറിപ്പ്.**

യോഗം 11.00 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും ബഹു.ജലവിഭവ വകുപ്പ് മന്ത്രി സ്വാഗതം ചെയ്തു.യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

20/01/2021 ൽ നടത്തിയ അവലോകന യോഗ തീരുമാന പ്രകാരം ആലുവയിൽ നിന്നും തൃക്കാക്കരയ്ക്ക് അധികമായി 3 MLD ജലം നൽകാൻ തീരുമാനിച്ചിരുന്നതായും നിലവിൽ തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ 4 ദിവസത്തിൽ ഒരിക്കൽ മാത്രമാണ് ജല വിതരണം നടത്തുന്നതെന്നും 3 MLD എന്നുള്ളത് 5 MLD യായി ഉയർത്തുകയാണെങ്കിൽ തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ജല ക്ഷാമം പരിഹരിക്കുവാൻ സാധിക്കുമെന്നും ബഹു. എം.എൽ.എ. യോഗത്തിൽ അറിയിച്ചു.

തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ 18 LL ശേഷിയുള്ള ജല സംഭരണിയിൽ നിന്നും നാല് ദിവസത്തിൽ ഒരിക്കലാണ് നിലവിൽ ജലവിതരണം നടത്തുന്നത്. തൃക്കാക്കരയിൽ എല്ലാ ദിവസവും ജല വിതരണം നടത്തുന്നതിനായി, അനുയോജ്യമായ രണ്ട് ഉയർന്ന പ്രദേശങ്ങൾ കണ്ടെത്തി അവിടെ 25 LL ശേഷിയുള്ള രണ്ട് ജല സംഭരണികൾ സ്ഥാപിക്കുന്നതിനായി കഴിഞ്ഞ അവലോകന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ 46 സെൻറ് റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തിയതായും ആ ഭൂമി ലഭിക്കുകയാണെങ്കിൽ 20LL ന്റെ രണ്ട് ജല സംഭരണികൾ സ്ഥാപിച്ച് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തൃക്കാക്കരയിലേക്ക് ജല വിതരണം നടത്തുവാൻ സാധിക്കുമെന്നും, ഈ പ്രവൃത്തിയുടെ പ്രിലിമിനറി എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതായും, ആലുവയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 143 MLD ശേഷിയുള്ള ജലശുദ്ധീകരണശാലയ്ക്ക് സ്റ്റേറ്റ് പ്ലാനിൽ 130 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതായും ടെക്നിക്കൽ മെമ്പർ അറിയിച്ചു. ജലസംഭരണികൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ച് വരുന്നതായി ബഹു. എം. എൽ. എ അറിയിച്ചു.

ജല സംഭരണി നിർമ്മാണവും അനുബന്ധ പ്രവൃത്തികളും ഈ വർഷം ആഗസ്റ്റ് മാസത്തിൽ നിലവിൽ വരുന്ന അർബൻ ജൽ ജീവൻ മിഷൻ (JJM) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്രയും പെട്ടെന്ന് DER തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, അവലോകന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജലസംഭരണികൾക്ക് വേണ്ടി കണ്ടെത്തിയ സ്ഥലം ലഭിക്കുന്നതിന് അടിയന്തിരമായി മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തണമെന്നും ബഹു. മന്ത്രി നിർദ്ദേശിച്ചു. കൂടാതെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള, ആലുവയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 143 MLD ശേഷിയുള്ള ജലശുദ്ധീകരണശാലയ്ക്കായുള്ള 130 കോടി രൂപയുടെ പ്രൊപ്പോസലിന് എത്രയും പെട്ടെന്ന് അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബഹു. മന്ത്രി നിർദ്ദേശം നൽകി.

ആലുവയിൽ ജലശുദ്ധീകരണശാല നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് പഴയ ക്വാർട്ടേഴ്സുകൾ പൊളിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതായും പുതിയ ക്വാർട്ടേഴ്സ് പണി ചെയ്യുന്നതിനായി പഴയ കെമിക്കൽ ഹൗസ് പൊളിക്കേണ്ടതുള്ളതുകൊണ്ട് ഇതിനു മുമ്പായി പുതിയ കെമിക്കൽ ഹൗസ് പണിയുന്ന പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുന്നതായും ടെക്നിക്കൽ മെമ്പർ അറിയിച്ചു.

തൃക്കാക്കരയ്ക്ക് വേണ്ടി ജലം പമ്പ് ചെയ്യുന്ന പമ്പ് ഹൗസിൽ, പമ്പിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ബഹു. എം. എൽ. എ ആരാഞ്ഞു. നിലവിൽ 60 HP യുടെ 3 മോട്ടോർ പമ്പ് സെറ്റുകൾ ഉപയോഗിച്ചാണ് അധിക ജലം തൃക്കാക്കരയ്ക്ക് പമ്പ് ചെയ്യുന്നത്. കൂടുതൽ വെള്ളം പമ്പ് ചെയ്യുന്നതിന് ശേഷി വർദ്ധിപ്പിക്കുന്നതിനായി 80 HP യുടെ 3 മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് 51.20 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നതായും 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണെന്നും കൊച്ചി വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 3 മാസത്തെ സമയം വേണ്ടിവരുന്നതിന്റെ കാരണം ബഹു. മന്ത്രി ആരാഞ്ഞു. മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ വർക്ക് ഓർഡർ കൊടുത്തതിന് ശേഷമാണ് നിർമ്മാതാക്കൾ ആവശ്യമായ ശേഷിയിലുള്ള മോട്ടോർ പമ്പ് സെറ്റുകൾ നിർമ്മിക്കുന്നതിനുള്ള ഓർഡർ നൽകുന്നതെന്നും അവ നിർമ്മിക്കുവാൻ എടുക്കുന്ന കാലതാമസമാണ് ഉണ്ടാകുന്നതെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

മോട്ടോർ പമ്പ് സെറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നേരിട്ട് നിർമ്മാതാക്കളിൽ നിന്നും വാങ്ങുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് ബഹു. മന്ത്രി ആവശ്യപ്പെട്ടു. പമ്പ് സെറ്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി 3 മാസത്തിനകം പൂർത്തീകരിച്ച് തൃക്കാക്കരയ്ക്ക് 3 MLD നിന്നും 5 MLD ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബഹു.മന്ത്രി നിർദ്ദേശിച്ചു.

പെരിയാർ വാലി കനാലിന്റെ കൈയ്യേറ്റങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട എംഎൽഎ പരാതി ഉന്നയിക്കുകയും തുടർന്ന് കനാലിന്റെ വിശദാംശങ്ങളും, കൈയ്യേറ്റങ്ങൾ സംബന്ധിച്ച ലഘു വിവരവും, പദ്ധതി വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനിയർ അവതരിപ്പിക്കുകയും ചെയ്തു.

പെരിയാർ വാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ ഇടപ്പള്ളി ബ്രാഞ്ച് കനാലിന്റെ 15.50 കിലോമീറ്റർ മുതൽ 21.25 കിലോമീറ്റർ വരെയുള്ള ഭാഗത്ത് ഉള്ള കൈയ്യേറ്റങ്ങൾ ജലവിതരണത്തിന് തടസ്സമായി നിൽക്കുന്നതായും, തടസ്സമായി നിൽക്കുന്ന 22 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, ആയതിലേക്കായി നടപടികൾ ത്വരിത പെടുത്തുവാൻ ജില്ലാ കളക്ടർക്ക് ഡിപ്പാർട്ടമെന്റ് തലത്തിൽ കത്ത് നൽകുവാനും യോഗം നിർദ്ദേശിച്ചു. ഇത്തരം കൈയ്യേറ്റങ്ങൾ ഉദ്യോഗസ്ഥ വിഴ്ച്ചയാണെന്നും, മേലിൽ ഇത്തരം കൈയ്യേറ്റങ്ങൾ കനാലിൽ ഉണ്ടാകാത്ത വിധം നിരീക്ഷണങ്ങൾ ഉണ്ടാകണമെന്നും, കൈയ്യേറ്റങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്നും യോഗത്തിൽ ബഹു.മന്ത്രി നിർദ്ദേശിച്ചു.

11.00 മണിയ്ക്ക് ആംരഭിച്ച മീറ്റിംഗ് 12.00 മണിയ്ക്ക് അവസാനിച്ചു.

**യോഗ തീരുമാനങ്ങൾ**

1. തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന രണ്ട് 20LL ജല സംഭരണി നിർമ്മാണവും അനുബന്ധ പ്രവൃത്തികളും ഈ വർഷം ആഗസ്റ്റ് മാസത്തിൽ നിലവിൽ വരുന്ന അർബൻ ജൽജീവൻ മിഷൻ (JJM) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്രയും പെട്ടെന്ന് DER തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. അവലോകന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജല സംഭരണികൾക്ക് വേണ്ടി കണ്ടെത്തിയ സ്ഥലം ലഭിക്കുന്നതിന് അടിയന്തിരമായി മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
3. ആലുവയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 143 MLD ശേഷിയുള്ള ജലശുദ്ധീകരണശാലയ്ക്ക് വേണ്ടി വരുന്ന 130 കോടി രൂപയുടെ പ്രൊപ്പോസലിന് എത്രയും പെട്ടെന്ന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. തൃക്കാക്കരയ്ക്ക് വേണ്ടി ജലം പമ്പ് ചെയ്യുന്ന പമ്പ് ഹൗസിൽ മോട്ടോർ പമ്പ് സെറ്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി 3 മാസത്തിനകം പൂർത്തീകരിച്ച് 5 MLD ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. പമ്പ് ഹൗസുകളിൽ സ്ഥാപിക്കുന്നതിനുള്ള മോട്ടോർ പമ്പ് സെറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നേരിട്ട് നിർമ്മാതാക്കളിൽ നിന്നും വാങ്ങുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.
6. പെരിയാർ വാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ ഇടപ്പള്ളി ബ്രാഞ്ച് കനാലിന്റെ ഭാഗത്ത് ജലവിതരണത്തിന് തടസ്സമായി നിൽക്കുന്ന കൈയ്യേറ്റങ്ങൾ നടത്തിയിരിക്കുന്ന 22 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർക്ക് പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർ-II അടിയന്തിരമായി കത്ത് നൽകേണ്ടതാണ്. ഇത്തരം കൈയ്യേറ്റങ്ങൾ ഉദ്യോഗസ്ഥ വിഴ്ച്ചയായതിനാൽ മേലിൽ ഇത്തരം കൈയ്യേറ്റങ്ങൾ കനാലിൽ ഉണ്ടാകാത്ത വിധം നിരീക്ഷണങ്ങൾ നടത്തേണ്ടതും കൈയ്യേറ്റങ്ങൾ തടയാനുള്ള നടപടികൾ പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർ-II സ്വീകരിക്കേണ്ടതുമാണ്.

യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീ.ജി ശ്രീകുമാർ,ടെക്നിക്കൽ മെമ്പർ,കേരള വാട്ടർ അതോറിറ്റി
2. ശ്രീമതി.ലീനകുമാരി.എസ്., ചീഫ് എഞ്ചിനീയർ, പ്രൊജക്ടസ് ആൻഡ് ഓപ്പറേഷൻസ്, ജലഭവൻ, കേരള വാട്ടർ അതോറിറ്റി
3. ശ്രീ. ബിനു ജയകുമാർ ജെ, ചീഫ് എഞ്ചിനിയർ, പ്രൊജക്ട് - 2
4. ശ്രീ.സുധീർ ടി.എസ്സ്. ചീഫ് എഞ്ചിനീയർ,മദ്ധ്യമേഖല, കൊച്ചി,കേരള വാട്ടർ അതോറിറ്റി
5. ശ്രീമതി. സന്ധ്യ പി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ടി.എം.യു),ജലഭവൻ, കേരള വാട്ടർ അതോറിറ്റി
6. ശ്രീമതി.പ്രീതിമോൾ സി.കെ.,സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്.സർക്കിൾ കൊച്ചി,കേരള വാട്ടർ അതോറിറ്റി
7. ശ്രീ. ബാലശങ്കർ കെ, സുപ്രണ്ടിംഗ് എഞ്ചിനിയർ പ്രോജക്ട് സർക്കിൾ, പിറവം എറണാകുളം.
8. ശ്രീമതി. ജയശ്രീ വി. കെ. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, പെരുമ്പാവൂർ കേരള വാട്ടർ അതോറിറ്റി
9. ശ്രീ. രാജൻ ഇ എ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി വി ഐ പി ഡിവിഷൻ നമ്പർ 2, ആലുവ
10. ശ്രീ. പ്രദീപ് വി. കെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി, കേരള വാട്ടർ അതോറിറ്റി
11. ശ്രീ. വിജു മോഹൻ കെ. ആർ. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി. എച്ച്. ഡിവിഷൻ, ആലുവ, കേരള വാട്ടർ അതോറിറ്റി (i/c)
12. ശ്രിമതി. ഫെബി ലൂയിസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി വി ഐ പി സബ് ഡിവിഷൻ നമ്പർ 4, ആലുവ
13. ശ്രീമതി. ഹമീദ ടി എ, അസിസ്റ്റന്റ് എഞ്ചിനിയർ, പി വി ഐ പി സെക്ഷൻ നമ്പർ 1/4, ആലുവ

**തൃക്കാക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളും അവയിൽ സ്വീകരിച്ച നടപടികളും**

1. ആലുവയിൽ പുതിയതായി 143 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെ നിർമ്മാണത്തിന് വേണ്ടി ആലുവയിലെ പഴയ ക്വാർട്ടേഴ്സുകൾ പൊളിക്കുന്ന പ്രവർത്തി പൂർത്തീകരിക്കുന്നതിനും പുതിയ ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാനും തീരുമാനം:

    - പുതിയ ക്വാർട്ടേഴ്സ് പണിയുന്ന സ്ഥലത്തുള്ള ക്വാർട്ടേഴ്സുകൾ പൂർണ്ണ മായി പൊളിച്ചിട്ടുള്ളതും പുതിയ ക്വാർട്ടേഴ്സ് പണിയുന്ന പ്രവൃത്തിയുടെ കരാർ ഉടമ്പടി 02.02.2021-ൽ ഒപ്പു വച്ചിട്ടുള്ളതും, 29% പണികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ് . ബാക്കി പണികൾ നല്ല രീതിയിൽ പുരോഗമിച്ചു വരുന്നു.

    - കൂടാതെ 143 എം.എൽ.ഡി പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തുള്ള ക്വാർട്ടേഴ്സുകൾ പൊളിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പ്രസ്തുത പ്രവൃത്തിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ഈ പ്രവർത്തി നടപ്പിലാക്കുമ്പോൾ പ്രസ്തുത സ്ഥലത്തുള്ള പഴയ ക്വാർട്ടേഴ്സുകൾ പൊളിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ് .

2. തൃക്കാക്കരയിലേക്ക് 3 എം.എൽ.ഡി അധിക ജലം എത്തിക്കാനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കുക:

    - ഇതിലേക്കായി നിലവിൽ പമ്പിംഗിനുപയോഗിച്ചിരുന്ന 60 എച്ച്പി ശേഷിയുള്ള 3 പഴയ പമ്പ് സെറ്റുകൾക്ക് പകരമായി 80 എച്ച് പി ശേഷിയുള്ള 3 പമ്പ് സെറ്റുകൾ 51.2 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി മാറ്റി സ്ഥാപിച്ച് 2.5 എം.എൽ.ഡി ജലം കൂടുതലായി നൽകി വരുന്നു.

3. പുതിയതായി 25 ലക്ഷം ലിറ്റർ ശേഷിയുള്ള രണ്ടു ജലസംഭരണി സ്ഥാപിക്കുന്നതിനും ആയതിനനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

    - ഒലിമുകളിൽ പുതിയതായി കണ്ടെത്തിയ സ്ഥലത്ത് 20 ലക്ഷം ശേഷിയുള്ള രണ്ട് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനും അതിലേക്ക് ആലുവയിൽ പുതിയതായി വിഭാവനം ചെയ്യുന്ന 190 MLD (143 MLD വിഭാവനം ചെയ്തത് പുതുക്കി 190 MLD ആക്കി) ജല ശുദ്ധീകരണ ശാലയിൽ നിന്നും ജലം എത്തിക്കുന്നതിനാവശ്യമായ പൈപ്പ് ലൈൻ, പമ്പ് സെറ്റുകൾ, മറ്റനുബന്ധ ഘടകങ്ങൾ എന്നിവയ്ക്കായി 45.24 കോടിയുടെ ഒരു പ്രിലിമിനറി എഞ്ചിനീയറിങ്ങ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ആലുവയിൽ വിഭാവനം ചെയ്യുന്ന 190 MLD ശുദ്ധികരണശാല യാഥാർത്ഥ്യമാകുന്ന മുറക്ക് മാത്രമേ മേൽ പറഞ്ഞ ടാങ്കിലേക്ക് നിറക്കുന്നതിനാവശ്യമായ ജലം ലഭിക്കുകയുള്ളൂ. എന്നതിനാൽ, നിലവിൽ മേൽ തീരുമാന പ്രകാരം ഓലിമുകൾ AIRFORCE അക്കാദമിയുടെ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ 20 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ഉന്നതതല ജലസംഭരണിയും അതിലേക്ക് ജലം എത്തിക്കാനുള്ള പമ്പിംഗ് ലൈനുകൾ ജല വിതരണത്തിനായി ആവശ്യം വരുന്ന ട്രാൻസ്മിഷൻ ലൈൻ മറ്റു അനുബന്ധ പ്രവത്തികൾ എന്നിവ ഉൾപ്പെടുത്തി 21.00 കോടി രൂപയുടെ മറ്റൊരു പദ്ധതി ഭരണാനുമതിയ്ക്കായി തയ്യാറാക്കിയിട്ടുണ്ട് . സ്ഥലം കൈമാറുന്ന നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട് .

4. അമ്പലമുകളിലെ ജലാശയം ഉപയോഗപ്പെടുത്തുന്നതിനായി സ്ഥല സന്ദർശനം നടത്തി FACT അധികൃതരുമായി ചർച്ച ചെയ്ത് വിഷയം സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുക

- യോഗ തീരുമാന പ്രകാരം അമ്പലമുകൾ FACT പ്രദേശത്തുള്ള ഡാമിൽ നിന്നും ജലം ലഭിക്കുവാനുള്ള സാധ്യത അന്വേഷിക്കാൻ നിർദ്ദേശമുണ്ടായതിനാൽ അന്ന് തന്നെ ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരടങ്ങിയ സംഘം ഡാം സൈറ്റ് സന്ദർശിക്കുകയുണ്ടായി. എന്നാൽ അവിടെ വാട്ടർ അതോറിറ്റിയ്ക്ക് പദ്ധതി നടപ്പിലാക്കാൻ വേണ്ട ജലം ലഭ്യമല്ലാത്തതിനാൽ പദ്ധതിയുമായി മുന്നോട്ടു പോയില്ല.

5. ആലുവയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 143 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണശാലയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുക.

- നിർദ്ധിഷ്ട 143 എം.എൽ.ഡി ശേഷിയുള്ള പ്ലാന്റിനു പകരം 190 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണ ശാല സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ആയതിനായുള്ള 285 കോടി രൂപയുടെ വിശദമായ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

6. പമ്പ് ഹൗസുകളിൽ സ്ഥാപിക്കുന്നതിനുള്ള മോട്ടോർ പമ്പ് സെറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നേരിട്ട് നിർമാതാക്കളിൽ നിന്നും വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

- ഓരോ പ്രവൃത്തികൾക്കും ആവശ്യമായ പമ്പുകളുടെ ഡ്യൂട്ടി കണ്ടീഷൻസ് വ്യത്യസ്ഥമായിരിക്കും. പമ്പ് ലഭ്യമാക്കുന്ന തീയതി മുതലാണ് അതിന്റെ ഗ്യാരണ്ടി പിരീഡ് ആരംഭിക്കുന്നത് . പമ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് കാലതാമസം വന്നാൽ ഗ്യാരണ്ടി പിരീഡ് കഴിഞ്ഞ് പോകുകയും സ്ഥാപിക്കുന്നതിന് മുമ്പ് അറ്റകുറ്റപണികൾ നടത്തേണ്ടി വരാനും സാധ്യതയുണ്ട് . അതിനാൽ പമ്പ് സെറ്റുകൾ മുൻകൂട്ടി വാങ്ങി വയ്ക്കുന്നത് പ്രയോഗികമായിരിക്കുകയില്ല. ഓരോ പ്രവർത്തികളിലും പമ്പ് സ്ഥാപിക്കേണ്ടി വരുന്ന സമയത്ത് തന്നെ അത് ലഭ്യമാകുന്ന തരത്തിൽ മുൻകൂട്ടി പ്രവർത്തികൾ നടത്തിയാൽ സമയ സമയബന്ധിതമായി തന്നെ പമ്പ് സെറ്റുകൾ ലഭ്യമാകാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**